 

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഇ.എം.എസ് ഭവന പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിലെ താമസക്കാരിയായ ശ്രീമതി. ദേവകി ചേരിക്കല്ലിങ്കൽ എന്നയാൾക്ക് ടി പദ്ധതി പ്രകാരം ലഭിച്ച തുക തിരിച്ചടക്കുന്നതിന് പലിശ ഒഴിവാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1281/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/06/2020

---

പരാമർശം:- 1 മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09/03/2020ലെ കത്ത്.

2 മാറാക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25/10/2020ലെ A3/6299/19 നമ്പർ കത്ത്.

3 25/05/2020ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.2.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിലെ താമസക്കാരിയായ ശ്രീമതി. ദേവകി ചെരിക്കല്ലിങ്ങൽ എന്നയാൾക്ക് ഭൂമിയുള്ള ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി അർഹതാമാനദണ്ഡങ്ങൾ അനുസരിച്ച് ലൈഫ് ഭവന പദ്ധതി പ്രകാരം ഒന്നാം ഗഡുവായി 40000/- രൂപ അനുവദിച്ചിരുന്നു. എന്നാൽ ടിയാളുടെ അർഹതയെക്കുറിച്ച് വാക്കാൽ ലഭിച്ച പരാതിയെത്തുടർന്ന് അന്വേഷണം നടത്തിയപ്പോൾ 2010-11ൽ ടിയാരിയുടെ ഭർത്താവ് ബാലസുബ്രഹ്മണ്യൻ എന്നവർക്ക് ഇ.എം.എസ് ഭവന പദ്ധതി പ്രകാരം 52500/- രൂപ ധനസഹായം ലഭിച്ചതായി കണ്ടെത്തുകയും ഇതു ചൂണ്ടിക്കാണിച്ച് പരാതിക്കാരിക്ക് കത്ത് നൽകുകയും തുടർന്ന് ടിയാരിയുടെ മകൻ ലൈഫ് വിഹിതമായി ലഭിച്ച 40000/- രൂപ പലിശ ചേർത്ത് തിരിച്ചടക്കുകയുമുണ്ടായി. എന്നാൽ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ലഭിച്ച 52500/- രൂപ പലിശ ചേർത്ത് തിരിച്ചടച്ചാൽ മാത്രമേ ടിയാരിയെ ലൈഫ് ഭവന പദ്ധതിയിൽ നിലനിർത്താനാവൂ. എന്നാൽ സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന ടിയാരിയുടെ കുടുംബത്തിന് ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ലഭിച്ച 52500/- രൂപയുടെ പിഴപ്പലിശ ഒഴിവാക്കി നൽകണമെന്ന് കാണിച്ച് ടിയാരി മാറാക്കര പഞ്ചായത്ത് ഭരണസമിതിക്ക് അപേക്ഷ നൽകുകയും പഞ്ചായത്ത് ഭരണസമിതി ആയതു ശുപാർശ സഹിതം സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി.

2.2. സർക്കാർ ഈ വിഷയം 25/05/2020ൽ ചേർന്ന കോർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും , മേൽ കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ദേവകിയുടെ ഭർത്താവ് ശ്രീ. ബാലസുബ്രഹ്മണ്യന് ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ലഭിച്ച 52500/- രൂപ പലിശ കൂടാതെ തിരിച്ചടക്കുന്നതിന് പ്രത്യേക അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, മാറാക്കര ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല.

ജില്ലാ പ്ലാനിംഗ് ഓഫീസർ, മലപ്പുറം ജില്ല.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ